# സമന്വയ കലാലയ യൂണിയൻ റിപ്പോർട്ട് 2016 – 17



പ്രിയപ്പെട്ടവരെ,

ഞങ്ങൾക്കും പറയുവാനുണ്ട്, ഫാത്തിമ പതിറ്റാണ്ടുകളായി മറന്നുകിടന്ന പലതിനേയും ഓർമ്മിപ്പിച്ചെടുത്തതിന്റെ, ഈ കലാലയം ഇതുവരെ കാണാത്ത പലതും കാണിച്ചു തന്നതിന്റെ, ചടങ്ങുകളായി മാത്രം ഒതുങ്ങിക്കൂടിയിരുന്ന പലതിനേയും ആഘോഷമാക്കി മാറ്റിയതിന്റെ വിപ്ലവം നിറഞ്ഞ ഒരു യൂണിയൻ കാലഘട്ടത്തിന്റെ പുതുചരിത്രം.

## കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്

2016-17 വർഷത്തെ കേരള സർവ്വകലാശാലയുടെ കീഴിൽ നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ ജനാധിപത്യ പ്രക്രിയയ്ക്ക് ശക്തമായ ഒരു മുഖം നൽകിക്കൊണ്ട് ഒരു യൂണിയൻ കൂടി ഫാത്തിമയിൽ പിറവിയെടുത്തു. 2016 ഡിസംബർ 9-ന് പാർലമെന്ററി സംവിധാനത്തിൽ നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം 7-ൽ 7 സീറ്റും നേടി അപരാജിത ശക്തിയായി മാറി. വിദ്യാർത്ഥി സമൂഹം മാനവികതയുടേയും നേരിന്റേയും പക്ഷത്താണെന്ന് തെളിയിച്ചുകൊണ്ട് നക്ഷത്രാങ്കിത ശുഭ്ര പതാകയെ ഫാത്തിമയുടെ മണ്ണിൽ നിലനിർത്തി.

## യൂണിയൻ ഭാരവാഹികൾ

| | | |
|---|---|---|
| റിയാ മേരി ജോജോ | - | ചെയർപേഴ്സൺ |
| ആർദ്ര ജി. അജയൻ | - | വൈസ് ചെയർപേഴ്സൺ |
| ബിബിൻ ബാബു | - | ജനറൽ സെക്രട്ടറി |
| രാഹുൽ ജി. നാഥ് | - | ആർട്സ് ക്ലബ്ബ് സെക്രട്ടറി |
| നൗഫൽ ബി. എസ്. | - | മാഗസിൻ എഡിറ്റർ |
| ജൂഡ്. ജെ | - | യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ |
| ഒലീദ് ഖാൻ എ. ആർ | - | യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ |

## സത്യപ്രതിജ്ഞ

2016 ഡിസംബർ 19ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വിൻസെന്റ് ബി. നെറ്റോ ചൊല്ലിക്കൊടുത്ത സത്യവാചകങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് ഓരോ യൂണിയൻ ഭാരവാഹികളും സ്ഥാനമേറ്റു. ബഹുമാനപ്പെട്ട പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആദ്യ മീറ്റിംഗിൽ ഡോ. പാർവതിയെ യൂണിയൻ കൺസൾട്ടന്റായും, ഡോ. അഖില തോമസ്, ഡോ. ഷൈജു, പ്രൊഫ. രതീഷ്കുമാർ എന്നിവരെ ആർട്സ് കൺസൾട്ടന്റുമാരായും തീരുമാനിച്ചു.

## കോളേജ് യൂണിയൻ - ആർട്സ് ക്ലബ്ബ് ഉദ്ഘാടനം

കലയും സംസ്കാരവും സമന്വയിപ്പിച്ചുകൊണ്ട് ഫാത്തിമയെ പൂർണതയിലേക്കെത്തിക്കുന്ന യൂണിയൻ പരിപാടികൾക്ക് ജനുവരി 12-ാം തീയതി തുടക്കം കുറിച്ചു. കൊല്ലത്തിന്റെ എം.എൽ.എയും പ്രശസ്ത ചലച്ചിത്രതാരവുമായ മുകേഷ് കോളേജ് യൂണിയനും, മലയാള സിനിമയിലെ യുവനടൻ റോഷൻ മാത്യു ആർട്സ് ക്ലബ്ബ് ഉദ്ഘാടനവും നിർവ്വഹിച്ചു. കോളേജ് യൂണിയൻ ചെയർപേഴ്സൺ റിയാ മേരി ജോജോയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആർട്സ് ക്ലബ്ബ് സെക്രട്ടറി

രാഹുൽ ജി. നാഥ് സ്വാഗതവും, വൈസ് ചെയർപേഴ്സൺ ആർദ്ര ജി. അജയൻ നന്ദിയും രേഖപ്പെടുത്തി. ഏറെ പ്രതീക്ഷ ഉളവാക്കുന്ന യൂണിയന്റെ പ്രവർത്തനങ്ങൾ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി പുത്തൻ ആശയങ്ങൾക്കും, മാറ്റത്തിനും വഴി തുറക്കട്ടെ എന്ന് പ്രിൻസിപ്പാൾ ആശംസിച്ചു. യോഗത്തിൽ യൂണിയൻ കൺസൾട്ടന്റ് ഡോ. പാർവ്വതിയും, ആർട്സ് കൺസൾട്ടന്റ് ഡോ. അഖിലാതോമസും ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ കലാവിരുന്ന് 'ഒരുമ 2017' അരങ്ങേറി.

## ആർട്സ് ഫെസ്റ്റ് – 'സ്ഫടികം 2017'

ഫാത്തിമയുടെ ഓരോ മണൽത്തരിയിലും നിറഞ്ഞു നിൽക്കുന്ന കലാപാരമ്പര്യത്തിന് സംഘാടനം കൊണ്ടും, പങ്കാളിത്ത മികവുകൊണ്ടും വേറിട്ട മുഖമായി സമന്വയുടെ 'സ്ഫടികം - 2017' ഫെബ്രുവരി 15, 16 തീയതികളിൽ നടന്ന ആർട്സ് ഫെസ്റ്റിന്റെ രചനാ മത്സരങ്ങളുടെ ഉദ്ഘാടനം സാംസ്കാരിക പ്രവർത്തകനും 'മാൻഹോൾ' ചലച്ചിത്രത്തിന്റെ കലാസംവിധായകനുമായ അജിത്ത് പ്ലാക്കാട് നിർവ്വഹിച്ചു. കലാമത്സരങ്ങൾക്ക് മുന്നോടിയായി നടന്ന ഹ്രസ്വമായ ചടങ്ങില കൊല്ലം അസിസ്റ്റന്റ് കലക്ടർ ആശാ അജിത്തും, കൊല്ലത്തിന്റെ പ്രിയകവി ഗണപൂജാരിയും അതിഥികളായി. ജീവിതവിജയത്തിനുപിന്നിൽ കലയും, കലാസ്വാദന പ്രവർത്തനങ്ങളും എത്രമാത്രം സ്വാധീനിച്ചു എന്ന് സൂചിപ്പിച്ച അസിസ്റ്റന്റ് കലക്ടർ നാടൻപാട്ട് വേദിയെ ആവേശത്തിലാക്കി. ആർട്സ് ഫെസ്റ്റിന് 'സ്ഫടികം 2017' എന്ന നാമം നിർദ്ദേശിച്ച വിദ്യാർത്ഥിക്കും, 'സ്ഫടികം 2017'-ന്റെ ലോഗോ രൂപകൽപന ചെയ്ത വിദ്യാർത്ഥിക്കും വിശിഷ്ടാതിഥികൾ പുരസ്കാരങ്ങൾ നൽകി. 3 വേദികളിലായി സ്റ്റേജ് കമ്മിറ്റി, സർട്ടിഫിക്കറ്റ് കമ്മിറ്റി തുടങ്ങി വിവിധതരം കമ്മിറ്റികളുടെ ചുമതലയായിരുന്നു ആർട്സ് ഫെസ്റ്റ് നടത്തപ്പെട്ടത്. ഡിപ്പാർട്ട്മെന്റ് തലത്തിൽ പോയിന്റ് ഏർപ്പെടുത്തി എവർറോളിംഗ് ഓവറോൾ ട്രോഫി നൽകുന്ന ഫാത്തിമയുടെ ചരിത്രത്തിലെ ആദ്യ ആർട്സ് ഫെസ്റ്റായി മാറി 'സ്ഫടികം 2017' മത്സരങ്ങളിലെ ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് മുഴുവൻ സർട്ടിഫിക്കറ്റ് നൽകാനായതും എടുത്തുപറയേണ്ട സവിശേഷതയായി മാറി. പ്രധാനവേദിയിൽ വിദ്യാർത്ഥികളുടെ വരകളും, എഴുത്തുകളും അതോടൊപ്പം കൃത്യമായ പോയിന്റ് വിവരങ്ങളും പ്രദർശിപ്പിക്കാനായത് ആർട്സ് ഫെസ്റ്റിനെ വ്യത്യസ്തമാക്കി. പുത്തൻ താരോദയങ്ങൾക്ക് സാക്ഷ്യം വഹിച്ച് 'സ്ഫടികം 2017' വിദ്യാർത്ഥികളുടേയും, അധ്യാപകരുടേയും സഹായ സഹകരണങ്ങളോടെ ഫാത്തിമയ്ക്ക് മറക്കാനാവാത്ത ഹൃദ്യമായ അനുഭമാക്കി മാറ്റാൻ കഴിഞ്ഞു.

## സ്പോർട്സ് ഡേ

കായിക പ്രതിഭകൾക്ക് കരുത്തും ഊർജ്ജവും പകർന്നുകൊണ്ടാണ് സമന്വയ കലാലയ യൂണിയന്റെ ഈ വർഷത്തെ സ്പോർട്സ് ഡേ നടന്നത്. മാർച്ച്-6 നാണ് ഫാത്തിമയുടെ മണ്ണിൽ സ്പോർട്സ് ഡേ അരങ്ങേറിയത്. സ്പോർട്സ് ക്ലബ്ബ് സെക്രട്ടറി റെക്സിന്റെ നേതൃത്വത്തിൽ നടന്ന കായികമേള മത്സരാർത്ഥികൾക്ക് പുത്തൻ അനുഭവം നൽകി. സ്പോർട്സ് ഡേയുടെ ആരംഭം ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ വിൻസെന്റ് ബിനെറ്റോയും, കായിക വിദ്യാഭ്യാസ മേധാവി ഡോ. മരിയപത്മ, ഡോ. സജു, ഡോ. റ്റൈറ്റസ് (വൈസ് പ്രിൻസിപ്പാൾ) തുടങ്ങിയവരാണ് നിർവ്വഹിച്ചത്. കായികമത്സരങ്ങളും ഒപ്പം വടം വലിയും സ്പോർട്സ് ഡേയുടെ ആവേശം ഉയർത്തിയപ്പോൾ, അധ്യാപകരുടെ ചാക്കിലോട്ടം ആകർഷകമായി മാറി. വിദ്യാർത്ഥികളുടെ മികച്ച പങ്കാളിത്തം സ്പോർട്സ് ഡേയെ എല്ലാ അർത്ഥത്തിലും വിജയമാക്കി മാറ്റി.

## ഫിലിം ഫെസ്റ്റിവൽ 'മിറാഷ് 2017'

വെള്ളിത്തിരയിലേക്ക് ഒട്ടനവധി താരങ്ങളെ സമ്മാനിച്ച ഫാത്തിമ കോളേജിൽ ചലച്ചിത്രമേഖലയിലെ യുവപ്രതിഭകൾക്ക് പുത്തൻ അവസരവും, അനുഭവവുമായി മാറിയ 'മിറാഷ് 2017'. 2017 മാർച്ച് 29-ാം തീയതി സമന്വയകലാലയ യൂണിയന്റേയും, ഫിലിംക്ലബ്ബിന്റേയും ആഭിമുഖ്യത്തിൽ നടന്ന ഫിലിം ഫെസ്റ്റിവൽ മത്സരമായിട്ടായിരുന്നു സംഘടിപ്പിച്ചത്. ഉയർന്ന നിലവാരം പുലർത്തിയ മത്സരത്തിൽ വിഭിന്ന ആശയങ്ങളാൽ സമ്പന്നമായ അനവധി ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. ഫിലിംക്ലബ്ബിന്റെ നേതൃത്വത്തിൽ മികച്ച നടൻ, മികച്ചചിത്രം, മികച്ച സംവിധായകൻ തുടങ്ങി പത്തോളം പുരസ്കാരങ്ങൾ നിർണയിച്ചു. വിദ്യാർത്ഥികളുടെ താൽപര്യത്തെ മുൻനിർത്തി, മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു മുഴുനീള ചലച്ചിത്രം പ്രദർശിപ്പിച്ചുകൊണ്ട് 'മിറാഷ് 2017'-ന് ജനകീയമായൊരു മുഖം നൽകാൻ യൂണിയൻ സാധിച്ചു.

## വനിതാദിനാഘോഷം

സമന്വയ കലാലയ യൂണിയനും, ഫാത്തിമ കോളേജ് വുമൺ സ്റ്റഡി യൂണിറ്റും സംയുക്തമായി 2017 മാർച്ച് 9ന് വനിതാദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

പ്രസ്തുത പരിപാടി മികച്ച നടിക്കുള്ള സംസ്ഥാന ബഹുമതി നേടിയ മലയാളത്തിന്റെ പ്രിയനായിക പ്രിയങ്ക ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ ആർദ്ര ജി. അജയൻ അദ്ധ്യക്ഷയായ യോഗത്തിൽ ചെയർപേഴ്സൺ റിയാമേരി ജോജോ സ്വാഗതവും, ലേഡി റെപ്രസെന്റേറ്റീവ് സിന്റില സെൽവരാജ് നന്ദിയും പ്രാകാശിപ്പിച്ചു. തുടർന്ന് വൈസ് പ്രിൻസിപ്പാൾ ഗ്രേറ്റ ഇൽഡാഫോൺസ് ആശംസകൾ നേർന്നപ്പോൾ വുമൺ സ്റ്റഡിയൂണിറ്റ് കൺവീനർ ശാലിനി മാത്യൂസ് വനിതാദിനാഘോഷങ്ങൾക്ക് എല്ലാവിധത്തിലുമുള്ള പിന്തുണ അറിയിച്ചു. യോഗത്തിനുശേഷം കാര്യവട്ടം ക്യാമ്പസ് മലയാളം പ്രൊഫസർ ഡോ. സീമാ ജെറോമും, യുവജനക്ഷേമവകുപ്പ് ചെയർപേഴ്സൺ ചിന്താ ജെറോമും പങ്കെടുത്ത സെമിനാർ 'പ്രതിരോധബോധ്യത്തിന്റെ പെൺപക്ഷം', 'പൊതു ഇടങ്ങൾ നഷ്ടമാകുന്ന സ്ത്രീ' എന്നീ വിഷയങ്ങൾ സമകാലിക പ്രസക്തിയോടെ ചർച്ച ചെയ്തപ്പോൾ സെമിനാർ വനിതാദിനാഘോഷങ്ങൾക്ക് മുതൽക്കൂട്ടായി മാറി. യോഗത്തിൽവെച്ച് സമന്വയ കലാലയ യൂണിയന്റെ കാൻസർ ധനസഹായ ഫണ്ട് ശേഖരണ പദ്ധതി 'ഒരു കുട്ടി, ഒരു രൂപ' പദ്ധതി നടി പ്രിയങ്ക കാൻസർ രോഗികൾക്ക് മുടി നൽകി മതൃകയായ ഇംഗ്ലീഷ് ഡിപാർട്ടുമെന്റിലെ അഞ്ചിതയ്ക്കും, സ്നേഹയ്ക്കും ഉപഹാരം നൽകി ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിനെ നന്മയുടെ കൂടി ഭാഗമാക്കി. തുടർന്ന് കോളേജ് വുമൺ സ്റ്റഡിയൂണിറ്റ് വിദ്യാർത്ഥിനികളുടെ സെൽഫ് ടെക്നിക് ഡെമൊൺസ്ട്രേഷൻ കൂടി നടന്നപ്പോൾ 2016-17 വനിതാദിനാഘോഷം എല്ലാവരുടേയും ശ്രദ്ധ ആകർഷിക്കുന്ന ഒന്നായി മാറി.

## കേരള സർവകലാശാല യുവജനോത്സവം 2017

2017 കേരള സർവകലാശാല യുവജനോത്സവം മാർച്ച് 27, 28, 29, 30, 31 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് നടന്നു. ഫാത്തിമ കോളേജിൽ നിന്ന് ഏകദേശം 60 വ്യക്തിഗത ഇനങ്ങളിലും, 10 ഗ്രൂപ്പ് ഇനങ്ങളിലുമായി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പങ്കെടുത്തു. യുവജനോത്സവത്തിൽ കഥാപ്രസംഗത്തിനും, ഹിന്ദി ഉപന്യാസരചനയ്ക്കും, രംഗോലിയ്ക്കും ഒന്നാംസ്ഥാനം ലഭിച്ചപ്പോൾ, കൊളാഷ്, ഭരതനാട്യം എന്നിവയ്ക്ക് രണ്ടാം സ്ഥാനവും, മോഹിനിയാട്ടം മൂന്നാംസ്ഥാനവും നേടി മുൻവർഷങ്ങളെ അപേക്ഷിച്ച് പോയിന്റ് നില മെച്ചപ്പെടുത്തി ആദ്യ പത്ത് സ്ഥാനങ്ങൾക്കുള്ളിൽ ഇടം നേടാൻ സാധിച്ചു. പങ്കാളിത്തംകൊണ്ടും പ്രകടമികവ് കൊണ്ടും ശക്തമായ സാന്നിദ്ധ്യം അറിയിച്ച ഫാത്തിമയിലെ പ്രതിഭകൾ ആർട്സ് കൺസൾട്ടന്റ് പ്രൊഫ. രതീഷ് കുമാറിന്റെ നേതൃത്വത്തിലാണ് അനന്തപുരിയിലെത്തിയത്. കലോത്സവത്തിലെ ഈ വർഷത്തെ നേട്ടങ്ങൾ ഫാത്തിമയുടെ ഭാവിയിലുള്ള കലാപ്രവർത്തനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നത്.

## കോളേജ് ഡേ
## യൂണിയൻ - ആർട്സ് ക്ലബ്ബ് സമാപനം

2016-17 വർഷത്തെ കോളേജ് ഡേ 2017 ഏപ്രിൽ 5-ാം തീയതി നടന്നു. യൂണിയന്റേയും, ആർട്സ് ക്ലബ്ബിന്റേയും സമാപന ചടങ്ങുകൂടിയായ പരിപാടിയുടെ ഉദ്ഘാടനം സിനിമാതാരം, അങ്കമാലി ഡയറീസ് ഫേം ശരത്കുമാർ നിർവ്വഹിച്ചു. മിനിസ്ക്രീൻ മിമിക്രി താരവും, കേരള കലോത്സവ ഒന്നാം സ്ഥാന വിജയിയുമായ ആദർശ് എം. എസിനെ കൊല്ലത്തിന്റെ കലാപാരമ്പര്യത്തിന്റെ പുതുമുഖമായി വേദിയിലെത്തിച്ചപ്പോൾ കോളേജ് ഡേയുടെ വേദി സമ്പന്നമായി മാറി. കോളേജ് വൈസ് പ്രിൻസിപ്പാൾ അദ്ധ്യക്ഷയായ ചടങ്ങിൽ ആദ്യ സിനിമ അനുഭവങ്ങളും, അങ്കമാലി ഡയറീസ് എന്ന സിനിമയുടെ ഡയലോഗും അവതരിപ്പിച്ച് വേദിയെ ആവേശത്തിലാക്കി. പുതുമുഖം എന്ന നിലയിൽ വേദിയിലെത്തി ശബ്ദാനുകരണത്തിന്റെ നൂതനമായ അവതരണ രീതികൊണ്ട് ഏവരുടേയും ആരാധനപാത്രമായി മാറുകയായിരുന്നു ആദർശ്. 2016-17 സമന്വയ കലാലയ യൂണിയന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സർവ്വ പരിപാടികളുടേയും വിജയികളെ ആദരിക്കുന്ന വേദി കൂടിയായി കോളേജ് ഡേ. യുവജനോത്സവത്തിൽ തുടർച്ചയായി രണ്ടാംതവണയും ഒന്നാം സ്ഥാനം നേടിയ അമ്പാടിയ്ക്കും വിഷ്ണുപ്രിയയ്ക്കും ഒപ്പം മറ്റ് കലാകായിക പ്രതിഭകൾക്കും വൈസ് പ്രിൻസിപ്പാൾ യൂണിയന്റെ ഉപഹാരങ്ങൾ നൽകി. സിനിമാതാരം ശരത്കുമാറും ആദർശും ആദരിക്കപ്പെട്ട ചടങ്ങിൽ കലാകായിക മത്സരങ്ങളുടെ ഓവറോൾ ട്രോഫി വിദ്യാർത്ഥികൾ വൈസ്പ്രിൻസിപ്പാളിൽ നിന്നും ഏറ്റുവാങ്ങി. സമാപന യോഗത്തിൽ കലാലയ യൂണിയൻ മാഗസിൻ എഡിറ്റർ നൗഫൽ ബി.എസ് സ്വാഗതവും ജനറൽ സെക്രട്ടറി ബിബിൻ ബാബു നന്ദിയും രേഖപ്പെടുത്തി. യോഗ നടപടിക്ക് ശേഷം നടന്ന കലാപരിപാടികൾ കോളേജ് ഡേയുടെ ചരിത്രത്തിൽ ഏറ്റവും ആവേശം ആഘോഷമാക്കി മാറ്റിയ ഒന്നായിരുന്നു. വളരെ പരിമിത

മായ സാഹചര്യങ്ങളിൽ ഒട്ടേറെ വെല്ലുവിളികളെ അതിജീവിച്ച് ഞങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളൊക്കെ നിർവ്വഹിക്കുന്നതിനോടൊപ്പം നഷ്ടപ്പെട്ടുപോയ നന്മകളുടെ തിരിച്ചുപിടിക്കൽ കൂടിയാണ് സമന്വയിലൂടെ ഞങ്ങൾ ലക്ഷ്യമിട്ടത്. കലാലയ യൂണിയന്റെ പ്രവർത്തനങ്ങൾക്കായി ഞങ്ങളോട് സംസാരിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾമാർ, യൂണിയൻ കൺസൾട്ടന്റ്, അധ്യാപക, അനധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരോടൊല്ലാം ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു. ഫാത്തിമയിലെ ഓരോ അണുവിനേയും സമന്വയിപ്പിച്ചുകൊണ്ട് കലാലയത്തെ ഹൃദയത്തിലേറ്റുന്ന യൂണിയനുകൾ ഇനിയുമുണ്ടാകട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് 2016-17 സമന്വയ കലാലയ യൂണിയൻ റിപ്പോർച്ച് ഏവരുടേയും അംഗീകാരത്തിനായി സമർപ്പിക്കുന്നു.



# ഗുൽമോഹറിലെ വാടാത്ത പുഷ്പം......



**ഗണപൂജാരി**

ബിജു ശങ്കരൻ എന്നു പറയുമ്പോൾ ആർക്കും മനസ്സിലായെന്നുവരില്ല. ഗണപൂജാരിയാണ് എല്ലാവർക്കും സുപരിചിതൻ. ഫാത്തിമേറ്റ്സിൽ ഭൂരിഭാഗം പേർക്കും ക്യാമ്പസിൽ പുല്ല് ചെത്തുന്ന വ്യക്തിയാണ് ഇദ്ദേഹം. കേരളത്തിലെ അറിയപ്പെടുന്ന കവിയും, പുരോഗമന കലാസാഹിത്യ സംഘം പ്രവർത്തകനുമായ ഗണപുജാരിയെന്ന വൈവിധ്യത്തെ തിരിച്ചറിഞ്ഞവർ കുട്ടികളുടെ ഇടയിൽ തുലോം ചുരുക്കമാണ്. വേറിട്ട ചിന്താഗതിയും വ്യത്യസ്തമായ കാഴ്ചപ്പാടുമുള്ള ഒരു പച്ചയായ മനുഷ്യൻ. അദ്ദേഹത്തിന്റെ കവിതകൾ ആഹ്വാനത്തിന്റെയോ അപേക്ഷയുടേതോ അല്ല, മറിച്ച് പ്രാർത്ഥനകളുടേതാണ്. ദൈവങ്ങളേ എന്ന് അദ്ദേഹം അഭിസംബോധന ചെയ്യുന്നതും ആ തലങ്ങളിൽ നിന്നാണ്.

അറിയപ്പെടുന്ന സാഹിത്യകാരൻ ആയിരുന്നിട്ടു കൂടിയും മണ്ണിൽ പണിയെടുക്കാൻ അദ്ദേഹം കാണിക്കുന്ന മനസ്സ് പുതുതലമുറയ്ക്ക് മാതൃകയാണ്. തന്റെ ജീവിതം തന്നെ സന്ദേശമാക്കി മാറ്റി എല്ലാ തൊഴിലിനും അതിന്റേതായ മാതൃക നൽകി എളിമയുടെ ഉയരങ്ങളിലേക്ക് അദ്ദേഹം സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. ഗുൽമോഹറിലെ ആ വാടാത്ത പുഷ്പം അത് ഗണപൂജാരി ആയിരുന്നു. ആർക്കും തല്ലിക്കൊഴിക്കാൻ ആകാത്തവണ്ണം അത് വിളങ്ങിത്തന്നെ നിൽക്കട്ടെ.....

## ‘Samanwaya’ College Union 2017-18

Fatima Mata National College is one of the significant educational institutions in Kollam. Thecollege under the Kerala University conducted its union election on 28/09/2017. The candidates of the student’s federation of India (SFI) under the communist party participated and won all the seats. This lead too many students centered social activities. Following were the elected candidates.

Chairman – Levin

General Secretary – Emmanual Boby Gomus

Arts Club Secretary – Arjun Anil

Vice Chair Person – Priyanka Prathap

Magazine Editor – Kiran J

University Union Councillor – Anandhu &Prem

Union Consultant – Dr Saju Sunny

Arts Consultant – Sarayu Devi, Manoj Kumar V, Gireesh U

Magazine Consultant – Dr Supriya M, Dr Satheesh Kumar G, Linda Payas John

### College union inauguration

Samanwaya college union aws started by distributing books to the Sister Teresa and the children of the Orphanage “Karunyatheeram”, from the beginning with the emphasis on working for the slogan “good for all”. 1000 books were distributed. Mr Adhil Abraha, renowned as a channel anchor, radio jockey and film actor inaugurated the arts club.

### Dowry Prohibition Act (1961) awareness programme, November 21st, 2017

Women are the most valuable asset that one can posses. In a scenario where people are not reluctant to spent lakhs foe weddings this was a most notable and appreciated awareness program organised in the campus.

### Jeevamsham

A list of students who were willing to donate blood to the needy patients of various hospitals in the Kollam district was noted. This divine process is still continuing.

### Cheruthullikal, December 20th 2017

A poster designing competition was conducted in the campus for creating awareness among students regarding the preciousness of water.

### Okhi disaster fund raising event

The college did not forget to help the victims of the okhi disaster. Along with the college Christmas programme, the union also collected funds to help the poor.

**Noopuram 2018**

Various arts programme were conducted in the college on January 11th 2018. The organiser of "mind & mobility in dystrophy", Krishna kumar inaugurated the function. The 2017 youth festival winner Vishnupriya was honoured by the organisation by giving eco – green pens as a token of appreciation. Samanwaya college union ensured complete participation in the university youth festival hosted in the Kollam district. The college union showed utmost support during the youth festival days. The most renowned photographer Nick Utla shared his experience and had a friendly talk with the students.

According to a study made by college union, it was found that the district was not wheel chair friendly. Thus the college unio0n requested the honourable collector to make the public places wheel chair friendly.

**Liberation, February 8, 2018**

**Flash mob organised by the Samanwaya college union to raise awareness against alcoholism. Mr Suresh Richard, Assistant Excise Commissioner conducted the anti – substance pledge and anti drug study class.**

**Annual sports fair**

Principal inaugurated the sports day organised by Samanwaya college union for the sports talents. Competitions were held by students and teachers. Certificates were distributed to the winners.

**Rhythms of Fatima (February 27, 2018)**

One of the best performances of the year was the open stage of Radio Benziger, Kollam radio station for the college artists. Fatima's artistic talents showcased their excellence with live music show.

**Women's day celebrations (march 7, 2018)**

Women's study unit and Samanwaya college union jointly organized the women's day celebration on March 7, 2018. Programme was inaugurated by state film fest award winner Mrs. Vidhu Vincent. Then conducted the class and art programmes for the girls.

**Film festival AFFCA 2018(March 8)**

Film fest was a great opportunity for the young talented ones in Fatima College who would like in the field of film industry. Programme was inaugurated by Sri. Anil Ambalakkara. 12 short films made by student were shown at the film festival. Along with that awards were annou7nced for the best director and most popular film.

**Green campus, clean campus**

Recycle/ waste disposable bins were placed at different parts of the college by Samanwaya college union in order to eliminate plastic and maintain the cleanliness of the campus.

**Yoga class (March 15, 2018)**

On March 15 (international yoga day), the health education club and Samanwaya college union conducted yoga class and yoga practice at the college campus. The classes and practices were lead by Mrs. Priya, who is working in the field of yoga for many years.

**College day (march 27,2018)**

College day for the academic year 2017-18 was conducted on 27$^{th}$, March 2018. The function was inaugurated by the film actor Mr. Aswin Jose (Queen Film fame). The reality show winner of Manyamahajanagale Mr Noufal N mainly addressed the function which gave impulse and energy to the stage. The event also serves as a tribute to the university youth and athletic talents. The prizes were awarded to the winners of the various art competitions conducted by the union. After the meeting, the college day gave an opportunity for the great performances by the college students. Samanwaya college union has been aiming for the best and after accomplished in the short term and in limited circumstances. We would like to extend our sincere thanks and gratitude to our beloved principal, vice principal, union consultant, teaching and non teaching staffs, students for their support in all our endeavours and guiding us during hard times. We would like to present the 2017-18 Samanwaya college union report before you and wish future union activities all success.